പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 13 — 5.03.2012 ൽ മറുപടിക്ക്

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

**ചോദ്യം**

ശ്രീ. പി.എ.മാധവൻ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

ശ്രീ.പാലോട് രവി

ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

**മറുപടി**

ശ്രീ. കെ.ബാബു

(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാർത്ഥ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ; | എ) | സംസ്ഥാനത്തിന്റെ സ്വപ്ന പദ്ധതികളിൽ ഒന്നായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) ലാന്റ് ലോർഡ് മോഡൽ പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനം സർക്കാർ നേരിട്ടും സൂപ്പർ സ്ട്രക്ച്ചറും തുറമുഖ നടത്തിപ്പും സ്വകാര്യ മേഖലയ്ക്കുമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൻ പ്രകാരം കേന്ദ്ര പാരിസ്ഥിതിക അനുമതി നേടുന്നതിനുള്ള പഠനം എൽ & റ്റി റാമ്പോൾ, ഐ.എഫ്.സി എന്നിവർ സമയബന്ധിതമായി നടത്തിവരുന്നു.<br>2) ഇതിനു സമാന്തരമായി തുറമുഖ നിർമ്മാണത്തിനു വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ, Engineering Procurement Construction Contract (EPC). Bid Document എന്നിവ EPC കൺസൽട്ടന്റിനെ നിയമിച്ച് തയ്യാറാക്കുന്ന ജോലികൾ നടന്നുവരുന്നു.<br>3) പദ്ധതിയുടെ ആകെ ചെലവ് 4010 കോടിയായി പുനർനിർണ്ണയിക്കുകയും ധനസമാഹരണത്തിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. Bank Consortium , LIC, HUDCO അധികൃതരുമായി ചർച്ചകൾ നടന്നുവരുന്നു. ബോണ്ട് വഴി ധനസമാഹരണത്തിനുള്ള ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 4) പോർട്ട് ഓപ്പറേറ്ററായി തെരഞ്ഞെടുക്കപ്പെടുന്നതിന് Welspun കൺസോർഷ്യത്തിനുള്ള കേന്ദ്ര സർക്കാരിന്റെ സുരക്ഷാനുമതിയെ തുടർന്ന് ടി കൺസോർഷ്യം സമർപ്പിച്ചിട്ടുള്ള സാമ്പത്തിക ബിഡ് തുറന്നു. പ്രസ്തുത ബിഡ്ഡിൻമേലുള്ള ഐ.എഫ്.സി.യുടെ ഉപദേശത്തിൻമേൽ സർക്കാർ അവലോകനം നടത്തി വരുന്നു.<br>5) ഭൂമി ഏറ്റെടുക്കൽ പ്രക്രിയ നടന്നുവരുന്നു.<br>6) പദ്ധതിക്ക് ആവശ്യമായ ജലം, വൈദ്യുതി എന്നിവ എത്തിയ്ക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വൈദ്യുതി ബോർഡും, വാട്ടർ അതോറിറ്റിയും ഏറ്റെടുത്ത് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.<br>7) NH-47 Bypass മായുള്ള റോഡ് കണക്ടിവിറ്റിയ്ക്കായി **Land Connection** നടപടികൾ പൂർത്തിയായിട്ടുണ്ട്.<br>8) റെയിൽവേയുടെ അലൈൻമെന്റ് അംഗീകരിക്കുന്നതിനു വേണ്ടി ഉപദേശകരായ RVNL മായി ചർച്ച നടന്നു വരികയാണ്. |
| ബി | ഇതിന്റെ ടെൻഡർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | ബി | വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിന് പോർട്ട് ഓപ്പറേറ്ററായി തെരഞ്ഞെടുക്കപ്പെടുന്നതിനാക്കായി രണ്ട് ബിഡ്ഡുകളാണ് ലഭിച്ചിരുന്നത്. അതിൽ Welspun കൺസോർഷ്യത്തിന് കേന്ദ്ര സർക്കാരിന്റെ സുരക്ഷാനുമതി ലഭിച്ചതിനെ തുടർന്ന് പ്രസ്തുത കൺസോർഷ്യത്തിന്റെ സാമ്പത്തിക ബിഡ് തുറക്കുകയും പ്രസ്തുത ബിഡ്ഡിൻമേലുള്ള ഐ.എഫ്.സി.യുടെ ഉപദേശത്തിൻമേൽ സർക്കാർ അവലോകനം നടത്തിവരികയാണ്. |
| സി | കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട അനുമതികൾ എല്ലാം ലഭ്യമായിട്ടുണ്ടോ ; | സി | കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട പാരിസ്ഥിതികാനുമതി ലഭ്യമായിട്ടില്ല. പാരിസ്ഥിതിക പഠനം നടന്നുവരികയാണ്. |
| ഡി | തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവശ്യമായ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ പൂർത്തീകരിച്ചിട്ടുണ്ടോ ; ഭൂവുടമകൾക്കുള്ള നഷ്ടപരിഹാര വിതരണം പൂർത്തീകരിച്ചിട്ടുണ്ടോ ? | ഡി | തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ മുഴുവൻ ഭൂമിയും ഏറ്റെടുക്കുന്ന പ്രക്രിയ പൂർത്തീകരിച്ചിട്ടില്ല. തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്ക് ഏറ്റവും അവശ്യമായ ' ബാക്ക് അപ് ഏരിയ, റോഡ്, ട്രക്ക് ടെർമിനൽ ' എന്നിവയിൽ റോഡിനു ആവശ്യമുള്ള മുഴുവൻ ഭൂമിയും ഏറ്റെടുത്തു കഴിഞ്ഞു. ബാക്ക് അപ് ഏരി |

| | | | |
|---|---|---|---|
| | | | യയ്ക്ക് വേണ്ടി നോട്ടിഫൈ ചെയ്തിട്ടുള്ള 42 ഏക്കറിൽ 25 ഏക്കറും, ട്രക്ക് ടെർമിനലിനുവേണ്ടി നോട്ടിഫൈ ചെയ്തിട്ടുള്ള 49 ഏക്കറിൽ 32 ഏക്കറും ഏറ്റെടുത്തിട്ടുണ്ട്. ബാക്കി ഏറ്റെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ നടന്നു വരികയാണ്. ആവശ്യമായ ഭൂമി ഭൂവുടമകളിൽ നിന്നും നേരിട്ട് വിലയ്ക്ക് വാങ്ങുന്നതിനാൽ ഭൂമി വില അപ്പോൾ തന്നെ ഭൂവുടമകൾക്ക് വിതരണം ചെയ്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ